"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വിവിധ സഹകരണ സ്ഥാപനങ്ങളിലെ താഴ്ന്ന വിഭാഗം (സബ് സ്റ്റാഫ്) തസ്തികകളിൽ നിന്ന് ജൂനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനുള്ള യോഗ്യതാ പരീക്ഷയ്ക്കുള്ള സിലബസ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.15/2025/Co-Op    തീയതി,തിരുവനന്തപുരം, 10-07-2025

---

പരാമർശം:-
1. സഹകരണ സർവ്വീസ് പരീക്ഷ ബോർഡിന്റെ 21.03.2025 ലെ തീരുമാനം
2. സഹകരണ സംഘം രജിസ്റ്റാറുടെ 13.05.2025 ലെ RCS/6125/2025-EM(5) നം. കത്ത്.

**ഉത്തരവ്**

സഹകരണ സംഘം ചട്ടത്തിലെ ചട്ടം 185 ഉപചട്ടം 10 ലെ രണ്ടാമത്തെ പ്രൊവിസൊയിൽ അപ്പെൻഡിക്സ് III ൽ ഉൾപ്പെടുന്ന എല്ലാ ക്ലാസ്സുകളിൽപ്പെടുന്ന സൊസൈറ്റികളിലേയും താഴ്ന്ന വിഭാഗം (സബ്സ്റ്റാഫ്) തസ്തികകളിൽ നിന്ന് ജൂനിയർ ക്ലാർക്ക് തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നത് സഹകരണ സർവ്വീസ് പരീക്ഷ ബോർഡ് നടത്തുന്ന യോഗ്യത പരീക്ഷയുടെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ പ്രകാരമുള്ള യോഗ്യത പരീക്ഷ നടത്തുന്നതിനായി സഹകരണ സർവ്വീസ് പരീക്ഷ ബോർഡ് തയ്യാറാക്കി ഭരണ സമിതി അംഗീകരിച്ച സിലബസ്സ് സർക്കാരിന്റെ അംഗീകാരത്തിനായി സഹകര സംഘം രജിസ്റ്റാർ മുഖേന പരാമർശം 2 പ്രകാരം സമർപ്പിച്ചിരുന്നു. സിലബസ്സ് അംഗീകാരിക്കാവുന്നതാണെന്ന് സഹകര സംഘം രജിസ്റ്റാർ ശിപാർശ ചെയ്തിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സഹകരണ സംഘം ചട്ടത്തിലെ ചട്ടം **185** ഉപചട്ടം **10** ലെ രണ്ടാമത്തെ പ്രൊവിസൊ പ്രകാരം സഹകരണ സർവ്വീസ് പരീക്ഷ ബോർഡ് നടത്തുന്ന യോഗ്യത പരീക്ഷയ്ക്കുള്ള സിലബസ് അനുബന്ധമായി ചേർത്തിട്ടുള്ളത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

സെക്രട്ടറി, സഹകരണ സർവ്വീസ് പരീക്ഷ ബോർഡ്, തിരുവനന്തപുരം

വെബ് ആന്റ് ന്യൂ മീഡിയ

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(**ബി1/103/2025/സഹ**)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 10-07-2025 15:20:35
സെക്ഷൻ ഓഫീസർ.

## അനുബന്ധം

I. ജനറൽ ഇംഗ്ലീഷ് (GENERAL ENGLISH) **(5 മാർക്ക്)**

(spelling, usage of noun, verb, adverb, preposition, articles, adjectives, tense etc....)

II. പൊതു വിജ്ഞാനം (GENERAL KNOWLEDGE) **(10 മാർക്ക്)**

(ലോകം/ഇന്ത്യ/കേരളം - കല, കായികം, സാഹിത്യം, സംസ്കാരം, ഭരണവും ഭരണസംവിധാനവും, സമകാലികം)

III. ലഘു ഗണിതശാസ്ത്രം (Simple Mathematics) **(5 മാർക്ക്)**

(പത്താം ക്ലാസ് പരീക്ഷയ്ക്ക് തുല്യമായ ചോദ്യങ്ങൾ)

IV. സഹകരണവും സഹകരണ അഡ്മിനിസ്ട്രേഷനും **(10 മാർക്ക്)**

1. സഹകരണ തത്വങ്ങൾ - അന്താരാഷ്ട്ര സഹകരണ സഖ്യം (ഐസിഎ) അംഗീകരിച്ച നിർ വ്വചനങ്ങൾ - മൂല്യങ്ങളും ധാർമ്മികതയും - കോ-ഓപ്പറേറ്റീവ് കോമൺ വെൽത്ത് - സഹകരണ തത്വങ്ങളുടെ ഉത്ഭവം - സഹകരണത്തിന്റെ സവിശേഷതകൾ - സഹകരണവും ജോയിന്റ് സ്റ്റോക്ക് കമ്പനിയും - മുതലാളിത്തം സോഷ്യലിസം കമ്മ്യൂണിസം എന്നിവകളിൽ സഹകരണം ഒരു സന്തുലിത ഘടകം.

2. ഇന്ത്യയിലെ സഹകരണ പ്രസ്ഥാനത്തിന്റെ പരിണാമം - 1904ലെ നിയമം-1912 ലെ നിയമം - 1919 ൽ സഹകരണം പ്രാദേശിക വിഷയം-1942 ലെ മൾട്ടിയൂണിറ്റ് കോ- ഓപ്പറേറ്റീവ് സൊസൈറ്റീസ് നിയമം- 1984ലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റിവ് സൊസൈറ്റീസ് നിയമം-ഭേദഗതികൾ.

3. കമ്മിറ്റികളും കമ്മീഷനുകളും.

a. ഓൾ ഇന്ത്യ റൂറൽ ക്രെഡിറ്റ് സർവേ കമ്മിറ്റി.

b. സഹകരണ ക്രെഡിറ്റ് കമ്മിറ്റി (വി.എൽ.മേത്ത).

c. ഓൾ ഇന്ത്യ റൂറൽ ക്രെഡിറ്റ് റിവ്യൂ കമ്മിറ്റി.

d. കൃഷിക്കും ഗ്രാമവികസനത്തിനുമുള്ള സ്ഥാപന വായ്പയുടെ ക്രമീകരണങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള കമ്മിറ്റി-ക്രാഫികാർഡ് (CRAFECARD).

e. സഹകരണ സംഘങ്ങൾക്ക് സംസ്ഥാന അടിസ്ഥാനത്തിലുള്ള സാമ്പത്തിക സഹായം;

എൻസിഡിസി (NCDC), എൻഡിഡിബി (NDDB), എൻഎച്ച്ബി (NHB), നബാർഡ് (NABARD) മുതലായവ.

(4) സഹകരണ വിദ്യാഭ്യാസവും പരിശീലനവും - ആവശ്യകതയും പ്രാധാന്യവും -ഐസിഎ (ICA), എൻസിയുഐ (NCUI), എസ്.സി.യു (SCU), സിസിയു (CCU), എൻസിസിടി (NCCT), എൻസിസിഇ (NCCE), വാം നികോം (VAMNICOM), ഐസിഎം (ICM), എസിഎസ്ടിഐ. (ACSTI), കിക്മ(KICMA), കേപ് (CAPE),സഹകരണ വാരാഘോഷം, അന്താരാഷ്ട്ര സഹകരണ ദിനം- സഹകരണ പതാക.

V. കേരള കോ- ഓപ്പറേറ്റീവ് സൊസൈറ്റി നിയമങ്ങളും ചട്ടങ്ങളും **(15 മാർക്ക്)**

1. സെക്ഷൻ 2, റൂൾ 2 എന്നിവ പ്രകാരമുള്ള പ്രധാന നിർവചനങ്ങൾ
2. സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച നിയമ വ്യവസ്ഥകൾ ആദ്യ പൊതുയോഗം - പ്രവർത്തനാരംഭം.
3. നിയമാവലി - അവയുടെ ഭേദഗതികളും
4. സഹകരണ സംഘം/ബാങ്കുകളിലെ അംഗത്വം, യോഗ്യതകൾ, അയോഗ്യതകൾ - അംഗത്വത്തിൽ നിന്ന് നീക്കം ചെയ്യലും പുറത്താക്കലും - അംഗങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും.
5. പൊതുയോഗം കൂടൽ, പ്രാതിനിധ്യ പൊതുയോഗം, ഭരണസമിതി തെരഞ്ഞെടുപ്പ്, പ്രസിഡന്റിന്റേയും മറ്റ് ഭാരവാഹികളുടേയും തെരഞ്ഞെടുപ്പ്, ഭരണസമിതിയിലേക്ക് സർക്കാർ നാമനിർ ദേശം - കമ്മിറ്റികളുടെ അസാധുകരണവും പുതിയ കമ്മിറ്റിയുടെ നിയമനവും - സഹകരണ ഇലക്ഷൻ കമ്മീഷൻ.
6. സഹകരണ സംഘങ്ങളുടെ വിശേഷാവകാശങ്ങൾ.
7. സഹകരണ സംഘങ്ങളുടെ സ്വത്തുക്കളും ഫണ്ടുകളും.
8. പരിശോധന, അന്വേഷണം, സർചാർജ്, വിധിക്ക് മുമ്പുള്ള അറ്റാച്ച്മെന്റ്, വിധി.
9. തർക്കങ്ങളും അവയുടെ പരിഹാരവും.
10. സഹകരണ സംഘങ്ങളുടെ സമാപ്തീകരണം.
11. ഉത്തരവുകളുടെ നടപ്പിലാക്കൽ.
12. അപ്പീലുകൾ, പുനരവലോകനം - സഹകരണ ട്രൈബ്യൂണലിന്റെ അവലോകനം,

സർക്കാരിന്റെയും രജിസ്ട്രാറിന്റെയും പുനരവലോകനം, തീരുമാനങ്ങൾ റദ്ദാക്കാനുള്ള രജിസ്ട്രാർമാരുടെ അധികാരം.

13. സഹകരണ ജീവനക്കാർക്കുള്ള സർവീസ് ചട്ടങ്ങൾ വകുപ്പ് 80(SECTION 80), ചട്ടം(RULES) 182, 183, 184, 185, 188, 189, 190, 192, 195, 196, 197, 198.

14. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

VI. കേരളത്തിലെ വിവിധ തരം സഹകരണ സംഘങ്ങളുടെ രൂപീകരണവും പ്രവർത്തനവും **(15 മാർക്ക്)**

1. ഗ്രാമീണ വായ്പ്പ നൽകുന്ന ഏജൻസികൾ - ഗ്രാമീണ വായ്പ്പ അനുവദിക്കുന്നതിൽ വിവിധ ഏജൻസികളുടെ സമീപനം - വായ്പ്പകൾ ദീർഘകാലം, മധ്യകാലം, ഹ്രസ്വകാലം - ഇവയുടെ ഉദ്ദേശങ്ങൾ, സഹകരണ സംഘങ്ങളുടെ ഘടന, വായ്പ്പയുടെ തരം തിരിക്കൽ - ത്രിതലം, ദ്വിതലം.

2. പ്രാഥമിക സഹകരണ സംഘങ്ങളുടെയും (Primary Agricultural Co-operative Societies-PACS), കേരള ബാങ്കിന്റെയും രൂപീകരണവും പ്രവർത്തനങ്ങളും - വിള വായ്പ്പാ സംവിധാനം, പ്രിൻസിപ്പൽ സ്റ്റേറ്റ് പാർട്ണർഷിപ്പ് ഫണ്ട്, മ്യൂച്ചൽ. അറേൻജ്മെന്റ് സ്കീം കേരള (Mutual Arrangement Scheme of Kerala - MASK), സംസ്ഥാന സഹകരണ ബാങ്കുകളുടെ ദേശീയ ഫെഡറേഷൻ (National Federation of State Co-operative Banks-NAFSCOB), കോ-ഓപ്പറേറ്റീവ് ബാങ്ക് ഓഫ് ഇന്ത്യ (Co-operative Bank of India-COBI)

3. പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് (PCARDB), കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് (KSCARDB) എന്നിവയുടെ ഉദ്ദേശ്യങ്ങളും പ്രവരത്തനവും, കടപ്പത്രം, കടപ്പത്രം വീണ്ടെടുക്കൽ ഫണ്ട്, സാങ്കേതിക അന്വേഷണ റിപ്പോർട്ട്, ഡിവി ഫയൽ (DV FILE), ദീർഘകാല വായ്പ്പകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമം.

4. കാർഷികേതര ക്രെഡിറ്റ് സൊസൈറ്റികളുടെയും, അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെയും ജീവനക്കാരുടെ ക്രെഡിറ്റ് സൊസൈറ്റികളുടെയും ലക്ഷ്യങ്ങൾ അംഗത്വം, പ്രവർത്തനം തുടങ്ങിയവ. ഹൗസിംഗ് സഹകരണ സംഘങ്ങളുടെ പ്രാധാന്യവും നേട്ടവും, പ്രാഥമിക ഹൗസിംഗ് സൊസൈറ്റികളുടെയും ഹൗസ്ഫെഡിന്റെയും(HOUSEFED) രൂപീകരണവും പ്രവർത്തനവും.

5. മാർക്കറ്റിംഗ് ആൻഡ് പ്രോസസ്സിംഗ് സൊസൈറ്റികൾ - നേട്ടങ്ങൾ, നിയന്ത്രിത വിപണി, പ്രാഥമിക മാർക്കറ്റിംഗ് സൊസൈറ്റികളുടെയും മാർക്കറ്റ്ഫെഡിന്റെയും രൂപീകരണം, പ്രവർത്തനം. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ,

കേരഫെഡ്(KERAFED), റബ്കോ (RUBCO) , റെയ്ഡ്കോ (RAIDCO) കാംപ്കോ (CAMPCO) തുടങ്ങിയവ.

6. ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ ആവശ്യകതയും പ്രാധാന്യവും-പ്രാഥമിക ഉപഭോക്തൃ സ്റ്റോറുകളുടെ ഉദ്ദേശ്യങ്ങളും പ്രവർത്തനങ്ങളും - ജില്ലാ മൊത്ത വിൽപ്പന സ്റ്റോറുകൾ -കൺസ്യൂമർഫെഡ്, സജീവ വില നയം - ഇരട്ട കമ്പാർട്ട്മെന്റൽ സംവിധാനങ്ങൾ - സൂപ്പർമാർക്കറ്റുകൾ - നീതിസ്റ്റോറുകൾ - വിദ്യാർത്ഥികളുടെ ഉപഭോക്തൃ സ്റ്റോറുകൾ.

7. ആനന്ദ് മാതൃക സഹകരണ സംഘങ്ങൾ (ANAND PATTERN CO-OPERATIVE SOCIETIES-APCOS)-പ്രാഥമിക ക്ഷീര സംഘങ്ങളുടെ ലക്ഷ്യങ്ങളും പ്രവർത്തനവും-പ്രാദേശിക ക്ഷീരോത്പാദക യൂണിയനുകൾ - കേരള സഹകരണ പാൽ വിപണന ഫെഡറേഷൻ (KCMMF)-ഗ്രാമവികസനത്തിൽ ക്ഷീര സഹകരണ സംഘത്തിന്റെ പങ്ക്

8. വ്യാവസായിക സഹകരണ സംഘങ്ങൾ - വിവിധ തരത്തിലുള്ള വ്യാവസായിക സഹകരണ സംഘങ്ങൾ - കൈത്തറി - കയർ - ബീഡി - കരകൗശല വസ്തുക്കൾ കശുവണ്ടി മുതലായവ. ഹാന്ടെക്സ് (HANTEX) കയർ ഫെഡ് (COIRFED) - കരകൗശല അപ്പെക്സ് സൊസൈറ്റി - കേരള ദിനേശ് ബീഡി - കാപെക്സ് (KAPEX) — ടെക്സ്ഫെഡ് (TEXFED).

9. പട്ടികജാതി/പട്ടികവർഗ ഫെഡറേഷൻ - മത്സ്യഫെഡ് - വനിതാഫെഡ് - ഹോസ്പിറ്റൽഫെഡ് - ടൂർ ഫെഡ് - ലേബർ ഫെഡ് - സാഹിത പ്രവർത്തക സഹകരണ സംഘം (SPCS) - ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം (ULCC)

VII. ബാങ്കിംഗ് **(15 മാർക്ക്)**

1. ബാങ്കർ കസ്റ്റമർ ബന്ധം - ബാങ്കർമാരുടെ രഹസ്യാത്മക കടമ (Bankers Duty of Secrecy) — ഗാർണിഷി ഓർഡർ (Garnishee Order)- ജപ്തി ചെയ്യൽ ഉത്തരവ് (Attachment Order) - ബാങ്കുകളുടെ കടം വീണ്ടെടുക്കാനുള്ള അവകാശം (Bankers Right of Lien) - ബാങ്കറുടെ സെറ്റ്-ഓഫ് അവകാശം (Bankers Right of Set-off) - പവർ ഓഫ് അറ്റോർണി - ബാങ്കിലെ വിവിധ തരം ഉപഭോക്താക്കൾ - പ്രായപൂർത്തിയാകാത്തവർ - നിരക്ഷരർ - വിവാഹിതരായ സ്ത്രീകൾ തുടങ്ങിയ പ്രത്യേകതരം ഇടപാടുകാർ ട്രസ്റ്റുകൾ - ക്ലബ്ബുകൾ - അസോസിയേഷനുകൾ മുതലായവരുടെ അക്കൗണ്ടുകൾ, സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമായ കെവൈസി (Know Your Customer - KYC) മാർഗ്ഗ നിർദ്ദേശങ്ങൾ.

2. ഡെപ്പോസിറ്റ് അക്കൗണ്ടുകൾ: - സേവിംഗ്സ് ബാങ്ക് - കറന്റ് അക്കൗണ്ടുകൾ - ടേം ഡെപ്പോസിറ്റുകൾ - റിക്കറിംഗ് ഡെപ്പോസിറ്റുകൾ-എംഡിഎസ് (MDS) / എംഎസ്എസ്

(MSS) കാസ (Current Account Savings Account - CASA) യുടെ പ്രാധാന്യം - വ്യത്യസ്ത തരം - അക്കൗണ്ടുകൾ - ഉടമസ്ഥാവകാശം - പങ്കാളിത്തം - കമ്പനികളുടെയും സൊസൈറ്റികളുടേയും അക്കൗണ്ടുകൾ-നിഷ്ക്രീയവും പ്രവർത്തനരഹിതവുമായ അക്കൗണ്ടുകൾ-നാമനിർദ്ദേശം-നിക്ഷേപം പുതുക്കൽ - ക്ലെയിമുകൾ തീർപ്പാക്കൽ - സുരക്ഷിത നിക്ഷേപ ലോക്കറുകൾ

3. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റുകൾ - പ്രോമിസറി നോട്ട് - ബിൽ ഓഫ് എക്സ്ചേഞ്ച് - ചെക്ക് ഹോൾ ഡർ - യഥാസമയം പേയ്മെന്റ് - എൻഡോർസ്മെന്റ്- വ്യത്യസ്ത തരം ക്രോസിംഗ് ചെക്കുകളുടെ പേയ്മെന്റുകൾ - ക്രോസ്ഡ് ചെക്കുകളുടെ പേയ്മെന്റ് - ചെക്കുകളുടെ മടക്കം - ചെക്കുകളുടെ ശേഖരണം - പണം നൽകുന്നതിനും ശേഖരിക്കുന്നതിനുമുള്ള ബാങ്കുകളുടെ നിയമപരമായ പരിരക്ഷ.

4. വായ്പകളും അഡ്വാൻസുകളും - വായ്പയുടെ തത്വങ്ങൾ - വ്യത്യസ്ത തരം വായ്പകൾ - വ്യക്തിഗത വായ്പകൾ - ഭവന വായ്പകൾ - കാർഷിക വായ്പകൾ - സ്വർണ്ണ വായ്പകൾ - ഓവർഡ്രാഫ്റ്റ്(OD)/ ക്യാഷ് ക്രെഡിറ്റ്(CC) - മറ്റ് വായ്പകൾ - റിസർവ് ബാങ്ക് നിർദേശപ്രകാരം വായ്പ അനുവദിക്കുന്നതിനുള്ള ജാമ്യ വ്യവസ്ഥകൾ, ലീൻ, പ്ലെഡ്ജ്, ഹൈപ്പോതിക്കേഷൻ, മോർഗേജ്, മുൻഗണനാ ക്രമത്തിലുള്ള വായ്പകൾ (PSL).

5. നിഷ്ക്രിയ ആസ്തികളുടെ കൈകാര്യംചെയ്യൽ - വരുമാനം കണ്ടെത്തൽ - ആസ്തികളുടെ തരംതിരിക്കലും കരുതൽ വയ്ക്കലും-ഒറ്റത്തവണ തീർപ്പാക്കൽ - വായ്പ തുക തിരിച്ചുപിടിക്കുന്നതിന്റെ പ്രാധാന്യം.

VIII. അക്കൗണ്ടൻസി ആൻഡ് ഓഡിറ്റ് ഓഫ് അക്കൗണ്ട്സ് **(15 മാർക്ക്)**

1. വിവിധതരം അക്കൗണ്ടുകൾ - - അക്കൗണ്ടുകളുടെ സുവർണ്ണ നിയമങ്ങൾ - അടിസ്ഥാന അക്കൗണ്ടിംഗ് പദങ്ങൾ - അക്കൗണ്ടിംഗ് ആശയങ്ങളും സമ്പ്രദായങ്ങളും - അക്കൗണ്ടിംഗ് സമവാക്യം - ജേണൽ - ലെഡ്ജർ - ട്രയൽ ബാലൻസ് തയ്യാറാക്കൽ - അന്തിമ അക്കൗണ്ടുകളുടെ തയ്യാറെടുപ്പുകൾക്ക് മുമ്പും ശേഷവും പിശകുകൾ പരിഹരിക്കുക — സസ്പെൻസ് അക്കൗണ്ട്.

2. ബാങ്ക് അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തൽ നടപടിക്രമം (Bank Reconcilliation Statement) ക്യാഷ് ബുക്കും പാസ് ബുക്കും തമ്മിൽ വ്യത്യാസങ്ങൾക്കുള്ള കാരണങ്ങൾ - തേയ്മാനം, തേയ്മാനം കണക്കാക്കാനുള്ള വ്യത്യസ്ത രീതികൾ.

3. അന്തിമ അക്കൗണ്ടുകൾ തയ്യാറാക്കൽ, ട്രേഡിംഗ് അക്കൗണ്ടുകൾ, ലാഭ-നഷ്ട അക്കൗണ്ടുകൾ, ബാലൻസ് ഷീറ്റ് ക്രമീകരണം, ക്ലോസിംഗ് സ്റ്റോക്ക്, കൊടുക്കാൻ ബാക്കി നിൽക്കുന്ന ചെലവുകൾ, അഡ്വാൻസായി കൊടുത്ത ചെലവുകൾ, വരുമാനം ആർജ്ജിച്ച എന്നാൽ

ലഭിച്ചിട്ടില്ല (Accrued Income), സമ്പാദിക്കാത്ത വരുമാനം, കിട്ടാക്കടങ്ങൾ, കിട്ടാക്കടങ്ങൾക്കും സംശയാസ്പദമായ കടങ്ങൾക്കുമുള്ള കരുതൽ വയ്ക്കൽ.

4. നാൾവഴി -നാൾവഴിയുടെ തയ്യാറാക്കൽ - ജനറൽ ലെഡ്ജർ, വരവ്-ചെലവ് സ്റ്റേറ്റ്മെന്റ്-ഒരു സഹകരണ സൊസൈറ്റിയുടെ അന്തിമ കണക്കുകൾ തയ്യാറാക്കൽ.

5. വിവിധ ആസ്തികളുടെ പരിശോധനയും മൂല്യനിർണ്ണയവും, ക്യാഷ് ബാലൻസ് പരിശോധന, വായ്പ ബാക്കി നിൽപ്പ്, സറ്റോക്ക് എടുക്കൽ, ബാധ്യതകളുടെ പരിശോധനയും മൂല്യനിർണ്ണയവും, വിവിധ തരം, റിസർവുകളും പ്രൊവിഷനുകളും.

6. ആഡിറ്റ് തരംതിരിക്കൽ, ആഡിറ്റ് ഫീസ് ചുമത്തൽ, ആഡിറ്റ് ഫീസ് കണക്കാക്കൽ, ആഡിറ്റ് ഫീസ് ഒടുക്കുന്നതിൽനിന്നുള്ള ഇളവ് മുതലായവ.

IX. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ **(10 മാർക്ക്)**

1. കംപ്യൂട്ടർ ഹാർഡ് വെയറും സോഫ്റ്റ് വെയറും
2. നെറ്റ് വർക്ക്, ഇന്റർനെറ്റ് വേൾഡ് വൈഡ് വെബ്
3. വിവരസാങ്കേതികവിദ്യയും പ്രയോഗവും
4. വേർഡ് പ്രോസസ്സിംഗ് മൈക്രോസോഫ്റ്റ് വേർഡ്
5. സ്പ്രെഡ് ഷീറ്റ് (Spread Sheet), മൈക്രോസോഫ്റ്റ് എക്സൽ (Microsoft Excel)
6. റ്റാലി (Tally)